## പതിമൂന്നാം കേരള നിയമസഭ
## പതിന്നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3911 — 20.07.2015 -ൽ മറുപടിക്ക്

### പനച്ചമൂട്ടിൽ കടവ് പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മാത്യു റ്റി.തോമസ് | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) പനച്ചമൂട്ടിൽ കടവ് പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മിക്കുവാനുള്ള സ്ഥലം സറണ്ടർ ചെയ്ത് റിലിങ്കിഷ്മെൻറ് ഫോറം 2010 ൽ ലഭിച്ചിട്ടുണ്ടോ ; | (എ) ഉണ്ട് |
| (ബി) പ്രസ്തുത ഫോമുകൾ എവിടെയാണ് സൂക്ഷിച്ചിട്ടുള്ളത് ; അവ അടിസ്ഥാനമാക്കി പ്രസ്തുത ഭൂമി സർക്കാർ ഭൂമിയായി പ്രഖ്യാപിക്കുവാനുള്ള നടപടി എന്നാണ് ആരംഭിച്ചിത് ; | (ബി) തിരുവല്ല റവന്യൂ ഡിവിഷണൽ ഓഫീസിലെ എ എ 3-5292/14- ാം നമ്പര ഫയലിൽ ഉൾപ്പെട്ടുവരുന്നു. കുറ്റൂർ വില്ലേജ് ഓഫീസർ മുഖാന്തിരം ബന്ധപ്പെട്ട റിക്കാർഡുകൾ സഹിതമുള്ള റിപ്പോർട്ട് തയ്യാറാക്കി തിരുവല്ല അഡീഷണൽ തഹസിൽദാർ 04-12-2014-ൽ സമർപ്പിച്ചത് മുതൽ നടപടി ആരംഭിച്ചിട്ടുണ്ട്. |
| (സി) പ്രസ്തുത നടപടി വൈകുവാൻ ഉണ്ടായ കാരണം എന്താണ് ; | (സി) ഫോറം സി നോട്ടീസ പ്രസിദ്ധീകരിച്ചപ്പോൾ ബന്ധപ്പെട്ട കക്ഷികളിൽ 9 പേർ ആക്ഷേപം ഉന്നയിച്ചതാണ് നടപടി വൈകുവാൻ കാരണം. |
| (ഡി) തുടർ നടപടികൾക്ക് ഇപ്പോഴുള്ള തടസ്സം എന്തെന്ന് വ്യക്തമാക്കാമോ ? | (ഡി) സൗജന്യമായി വിട്ടു നൽകാമെന്ന് അറിയിച്ചതിനുശേഷം ഭൂമിയുടെ വില ലഭിക്കണം എന്ന് ആവശ്യപ്പെട്ടതാണ് ഇപ്പോഴുള്ള തടസ്സം. |

സെക്ഷൻ ഓഫീസർ